**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ് - എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി - തരൂർ നിയോജക മണ്ഡലം - 56 അംഗനവാടികൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി 18.60 ലക്ഷം രൂപ അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(സാധാ.)നം.3484/2018/ധന.** **തിരുവനന്തപുരം, തീയതി 17/04/2018**

---

**പരാമർശം : 1) 29/12/2017- ലെ സ.ഉ.(അച്ചടി) നം. 161/2017/ധന. ഉത്തരവ്.**
**2) ബഹു. പട്ടികജാതി പട്ടികവർഗ ക്ഷേമ, സാംസ്കാരിക, നിയമ വകുപ്പ് മന്ത്രി ശ്രീ. എ. കെ. ബാലൻ ബഹു. ധനകാര്യ മന്ത്രിയ്ക്ക് 20/11/2017, 31/03/2018 തീയതികളിൽ നൽകിയ കത്ത്.**

**<u>ഉത്തരവ്</u>**

തരൂർ നിയോജക മണ്ഡലത്തിലെ 56 അംഗൻവാടികൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി 2017-18 ലെ എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും 18,60,000/- (പതിനെട്ട് ലക്ഷത്തി അറുപതിനായിരം രൂപ) വിനിയോഗിക്കുവാൻ പ്രത്യേകാനുമതി നൽകണമെന്ന് ബഹു. പട്ടികജാതി പട്ടികവർഗ ക്ഷേമ, സാംസ്കാരിക, നിയമ വകുപ്പ് മന്ത്രി ശ്രീ. എ. കെ. ബാലൻ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തരൂർ നിയോജക മണ്ഡലത്തിലെ 56 അംഗനവാടികൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി ബഹു. പട്ടികജാതി പട്ടികവർഗ ക്ഷേമ, സാംസ്കാരിക, നിയമ വകുപ്പ് മന്ത്രി ശ്രീ. എ. കെ. ബാലൻ അവർകളുടെ 2017-18 ലെ പ്രത്യേക വികസന നിധിയിൽ നിന്നും 18,60,000/- (പതിനെട്ട് ലക്ഷത്തി അറുപതിനായിരം രൂപ) വിനിയോഗിക്കുവാൻ പരാമർശം (1 ) പ്രകാരമുള്ള ഉത്തരവിലെ മാർഗരേഖയിൽ ഇളവു വരുത്തി പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.എസ്. ഉഷ.**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ബഹു. പട്ടികജാതി പട്ടികവർഗ ക്ഷേമ, സാംസ്കാരിക, നിയമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
5. ജില്ലാ കളക്ടർ, പാലക്കാട്
6. ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [E.694665]

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**